"ഭരണഭാഷ – മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉദ്യോഗസ്ഥ-ഭരണപരിഷ്കാരവകുപ്പ് – കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ചെയർമാൻ, അഡ്മിനിസ്ട്രേറ്റീവ് അംഗങ്ങൾ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാരായി പുനർനിയമന വ്യവസ്ഥയിൽ നിയമിതരായവരുടെ നിയമന കാലാവധി ദീർഘിപ്പിച്ച കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രജിസ്ട്രാറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ജനറൽ) വകുപ്പ്**

സ.ഉ.(കൈ) നം.1/2026/P&ARD തീയതി, തിരുവനന്തപുരം, 03-01-2026

---

പരാമർശം:– 1. 08.10.2023 തീയതിയിലെ സ.ഉ.(സാധാ)നം.414/2023/P&ARD.

2. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രജിസ്ട്രാറുടെ 25/06/2025, 27/06/2025, 18/07/2025 എന്നീ തീയതികളിലെ 301/2021/KAT/Admn നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

പരാമർശം (1) ഉത്തരവ് പ്രകാരം, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ചെയർമാൻ/അഡ്മിനിസ്ട്രേറ്റീവ് അംഗങ്ങൾ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാരായി പുനർ നിയമന വ്യവസ്ഥയിൽ നിയമിതരായ ശ്രീമതി ലൈല.കെ, ശ്രീമതി വിജയ.കെ.എ. എന്നീ ജീവനക്കാരുടെ പുനർനിയമന കാലാവധി യഥാക്രമം 2025 ജൂൺ മാസത്തിലും ജൂലൈ മാസത്തിലും അവസാനിക്കുന്നതിനാൽ പ്രസ്തുത ജീവനക്കാരുടെ പ്രസ്തുത തസ്തികകളിലെ നിയമന കാലാവധി ദീർഘിപ്പിച്ച കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രജിസ്ട്രാറുടെ നടപടി സാധൂകരിക്കുന്നതിനായി പരാമർശം (2) പ്രകാരം കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രജിസ്ട്രാർ ശുപാർശ ചെയ്യുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ചെയർമാൻ/ അഡ്മിനിസ്ട്രേറ്റീവ് അംഗങ്ങൾ എന്നിവരുടെ, പ്രൈവറ്റ് സെക്രട്ടറി തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി ലൈല കെ., ശ്രീമതി വിജയ കെ.എ. എന്നിവരുടെ പുനർനിയമന കാലാവധി, യഥാക്രമം 22/06/2025 മുതൽ 21/06/2026 വരെയും 01/07/2025 മുതൽ 30/06/2026

വരെയും ദീർഘിപ്പിച്ചു നല്കിയ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രജിസ്ട്രാറുടെ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (23.10.20235 – ലെ 3300579/EXP-B4/81/2025-FIN നമ്പർ പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ്
വിവരവും പൊതുജന സമ്പർക്കവും (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി (GENL-2/29/2025-PandARD )

ഉത്തരവിൻ പ്രകാരം

Signed by
Dhanya.k.s
സെക്ഷൻ ഓഫീസർ
Date: 03-01-2026 15:54:18